(ഡി) സംസ്ഥാന സർവ്വീസിലെ ജീവനക്കാർക്കും പെൻഷൻകാർക്കുമായി ഒരു സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിലേക്കായി സാദ്ധ്യതാ പഠനം, പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിലെ പ്രധാന ഇനങ്ങളിൽ ഒന്നാണ്. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ വിവിധ ഇൻഷ്വറൻസ് സ്ഥാപനങ്ങളുമായി ചർച്ച നടത്തിവരുന്നു. ജീവനക്കാർക്കും പെൻഷൻകാർക്കും സ്വീകാര്യമായ രീതിയിലുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സാക്ഷാത്കരിക്കാൻ ദീർഘ പഠനം ആവശ്യമാണ്. ഇക്കാര്യം കൂടി കണക്കിലെടുത്ത് പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ കാലാവധി 1-7-2015-ലെ സ.ഉ.(കൈ)നം.263/2015/ധന പ്രകാരം 30-11-2015 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

ധർമ്മടം നിയോജകമണ്ഡലത്തിലെ അസറ്റ് ഡെവലപ്മെന്റ് ഫണ്ട്

124 (3278) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ധർമ്മടം നിയോജകമണ്ഡലത്തിലെ അസറ്റ് ഡെവലപ്മെന്റ് ഫണ്ടിൽ നിന്ന് 2014-15 സാമ്പത്തിക വർഷത്തിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ധനകാര്യവകുപ്പ് അംഗീകാരം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ ഏതെങ്കിലും പ്രവൃത്തികൾക്ക് ധനകാര്യവകുപ്പ് അനുവാദം നൽകാൻ ബാക്കി ഉണ്ടോ;

(സി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ-സി) ആസ്തി വികസന പദ്ധതിയിൻകീഴിൽ 2014-15 സാമ്പത്തിക വർഷത്തിൽ ധർമ്മടം നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്നതിനായി ധനകാര്യ വകുപ്പ് ധനാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* നിലവിൽ പ്രവൃത്തികളൊന്നും ധനകാര്യ വകുപ്പിന്റെ പരിഗണനയിലില്ല.

കർഷകരുടെ ക്ഷേമത്തിനായി വകയിരുത്തിയ തുക

125 (3279) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 2012-13 മുതൽ 2015-16 വരെയുള്ള വർഷങ്ങളിൽ കർഷകരുടെ ക്ഷേമത്തിനായി ഓരോ വർഷവും എത്ര

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly